കവർസ്റ്റോറി

എ.ആർ

# കമാലിസ്റ്റ് സ്വപ്നവുമായി മുശർറഫ്

**തലസ്ഥാനമായ** ഇസ്‌ലാമാബാദിലെ രണ്ടാമത്തെ വലിയ പള്ളിയായ ലാൽ മസ്ജിദിൽ പ്രസിഡന്റ് പർവേസ് മുശർറഫ് നടത്തിയ സൈനിക ഓപ്പറേഷൻ പാകിസ്താൻ മീഡിയയും തുടർന്ന് ലോക മാധ്യമങ്ങളും ധരിപ്പിക്കാൻ ശ്രമിക്കുന്നതുപോലെ ഒരുപറ്റം സായുധ മതയാഥാസ്ഥിതിക തീവ്രവാദികളുടെ ഒളിസങ്കേതം തകർക്കാൻ ഗത്യന്തരമില്ലാതെ വേണ്ടിവന്ന നടപടിയല്ല; സൈനികമേധാവി കൂടിയായ പ്രസിഡന്റ് മുശർറഫ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത് തീവ്രവാദ ഉന്മൂലനയത്നത്തിലുമല്ല. സെപ്റ്റംബർ 11-ന് ലോക വ്യാപാര സമുച്ചയത്തിനും പെന്റഗണിനും നേരെ നടന്ന ഭീകരാക്രമണത്തെത്തുടർന്ന് ആഗോള പോലീസായ അമേരിക്ക ലോകവ്യാപകമായി ഇസ്‌ലാമിനും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും എതിരെ സർവശക്തിയും ഉപയോഗിച്ച് അഴിച്ചുവിട്ടിരിക്കുന്ന ഉന്മൂലന പരിപാടിയുമായി ഒരു ബന്ധവുമില്ലാത്ത യാദൃഛികസംഭവവുമല്ല ലാൽ മസ്ജിദിലെ 'ഓപ്പറേഷൻ സൈലൻസ്'. പിന്നെയോ? നിശ്ചയമായും അമേരിക്കയുടെ അറിവോടെയും സി.ഐ.എയുടെ പൂർണ സഹകരണത്തോടെയും സാമ്രാജ്യത്വത്തിന്റെ മാനസപുത്രനും വിനീത വിധേയനുമായ പർവേസ് മുശർറഫ് എന്ന സൈനിക സ്വേഛാധിപതി സ്വരാജ്യത്തെ കമാലിസ്റ്റ്വത്കരിക്കാനും ഇസ്‌ലാമിന്റെ പേരിൽ നേടിയെടുത്ത ലോകത്തേറ്റവും ശക്തമായ മുസ്‌ലിം രാജ്യത്ത് ഇസ്‌ലാമിനെ അന്യവത്കരിക്കാനും ആരംഭിച്ച ആസൂത്രിത അജണ്ടയിലെ ഇനം മാത്രമാണ് ലാൽ മസ്ജിദ് സമുച്ചയത്തിന്റെ നേരെ നടന്ന ആക്രമണം. ഇത് മനസ്സിലാക്കിത്തന്നെയാണ് ജോർജ് ഡബ്ലിയു. ബുഷ് മുതൽ പാകിസ്താനിലെയും ഇന്ത്യയിലെയും 'മതേതര' മീഡിയ വരെ വിശുദ്ധ ആരാധനാലയത്തിലെ നിഷ്ഠുര നരഹത്യയെ സ്വാഗതം ചെയ്യുന്നതും വെള്ളപൂശുന്നതും.

പിറവിയുടെ പ്രത്യേക പശ്ചാത്തലം ഇന്നും വേട്ടയാടുന്ന രാജ്യമാണ് പാകിസ്താൻ. സ്വാതന്ത്ര്യത്തോടെ മതേതര ജനാധിപത്യ രാഷ്ട്രമാവാൻ എല്ലാ സാധ്യതകളും തെളിഞ്ഞ ചരിത്രസന്ധിയിൽ മുസ്‌ലിം സാമുദായിക രാഷ്ട്രീയത്തിന്റെ ഭൂമികയിൽ ഇസ്‌ലാം അപകടത്തിൽ എന്ന മുദ്രാവാക്യം മുഴക്കിത്തന്നെയാണ് പാകിസ്താൻ നിലവിൽവന്നത്. പക്ഷേ 1947 ആഗസ്റ്റ് 14-ന് ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം ജന്മഗേഹം യാഥാർഥ്യമായതു മുതൽ ആരംഭിച്ച ശ്രമം നവജാത രാഷ്ട്രത്തെ അമേരിക്കൻ അനുകൂല മതേതര രാഷ്ട്രമാക്കി മാറ്റാനായിരുന്നു. രാഷ്ട്രപിതാവ് മുഹമ്മദലി ജിന്നയുടെ കാലശേഷം രാജ്യത്തിന്റെ പ്രധാനമന്ത്രിപദത്തിലിരുന്നവരിൽ ഒരുവേള ചൗധരി മുഹമ്മദലിയും ഖാജാ നാസിമുദ്ദീനും മാത്രമാണ് ഇസ്‌ലാമിനോട് നീതിപുലർത്തുന്ന ഒരു ഭരണഘടനക്കു വേണ്ടി ശ്രമിച്ചത്. ആ ശ്രമത്തെയാവട്ടെ ജനറൽ അയ്യൂബ് ഖാൻ മുതൽക്കുള്ള പട്ടാള ഭരണാധികാരികൾ അട്ടിമറിക്കുകയും ചെയ്തു. തുടക്കം തൊട്ടേ പാകിസ്താനെ ആശ്രിത രാജ്യമായി കണ്ട അമേരിക്കയുടെ ഒത്താശ എന്നും ഈ അട്ടിമറികൾക്ക് കൂട്ടായിരുന്നു. 1970-ൽ പാകിസ്താനിൽ ഇദംപ്രഥമമായി ജനാധിപത്യാടിസ്ഥാനത്തിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൽ കേവല ഭൂരിപക്ഷം നേടിയ അവാമി ലീഗ് സുപ്രിമോ ശൈഖ് മുജീബുർറഹ്മാനാകട്ടെ, അദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തെ അട്ടിമറിച്ച പി.പി.പി മേധാവി സുൽഫിക്കർ അലി ഭുട്ടോ ആകട്ടെ ഒരിക്കലും അമേരിക്കയോടുള്ള ദാസ്യത്തെ എതിർത്തവരോ ഇസ്‌ലാമിക ജനാധിപത്യ സാമൂഹികക്രമത്തെ പൊറുപ്പിച്ചവരോ ആയിരുന്നില്ല. അതേസമയം പാകിസ്താനിലെ ഇസ്‌ലാമിക പ്രസ്ഥാനവും മതപണ്ഡിത സംഘടനകളും എക്കാലത്തും രാജ്യത്തിന്റെ ഇസ്‌ലാമികവത്കരണത്തിനു വേണ്ടിയാണ് നിലകൊണ്ടത്. ദയൂബന്ദി, സലഫി, ബറേൽവി എന്നീ മതമുഖ്യധാരാ കൂട്ടായ്മകളും സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി നേതൃത്വം നൽകിയ ജമാഅത്തെ ഇസ്‌ലാമിയും മറ്റു പല കാര്യങ്ങളിലും ഭിന്ന വീക്ഷണങ്ങൾ പുലർത്തിയതോടൊപ്പംതന്നെ പാകിസ്താനു വേണ്ടത് ഇസ്‌ലാമിക ജനാധിപത്യ രാഷ്ട്രീയ ക്രമമാണെന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരായിരുന്നു. 1951-ൽ കറാച്ചിയിൽ വിഖ്യാത പണ്ഡിതൻ സയ്യിദ് സുലൈമാൻ നദ്‌വിയുടെ അധ്യക്ഷതയിൽ ചേർന്ന സർവകക്ഷി ഉലമാ സമ്മേളനം രാജ്യത്തിന് ഇസ്‌ലാമിക ഭരണഘടന നിർമിക്കാനാവശ്യമായ ചട്ടക്കൂട് ഏകകണ്ഠമായി അംഗീകരിച്ചതോടെ വെട്ടിലായ ഭരണാധികാരികൾ നിഗൂഢമായി ആസൂത്രണം ചെയ്തതായിരുന്നു പഞ്ചാബിലെ ഖാദിയാനീവിരുദ്ധ പ്രക്ഷോഭവും അതേ തുടർന്ന് പ്രഖ്യാപിക്കപ്പെട്ട പട്ടാള നിയമവും. പ്രക്ഷോഭത്തെ കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ തീവ്ര മതേതരവാദിയായ ജസ്റ്റിസ് മുഹമ്മദ് മുനീർ തന്നെ ഏൽപിച്ച ദൗത്യത്തേക്കാൾ മുന്തിയ പരിഗണന നൽകിയത് പാകിസ്താൻ എന്തുകൊണ്ട് ഒരു ഇസ്‌ലാമിക രാഷ്ട്രമായിത്തീർന്നുകൂടാ എന്ന് സ്ഥാപിക്കാനാണ്. 'ഖാദിയാനി പ്രശ്നം' എന്ന ലഘുലേഖ എഴുതിയതിന്റെ പേരിൽ നൂറ്റാണ്ടിലെ ഏറ്റവും മഹാനായ ഇസ്‌ലാമിക പരിഷ്കർത്താവ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയെ പട്ടാളക്കോടതി വിചാരണാ പ്രഹസനത്തിനു ശേഷം വധശിക്ഷക്ക് വിധിച്ചതും യാദൃഛികമായിരുന്നില്ല. മൗദൂദിയെ വകവരുത്തിയാൽ അദ്ദേഹം നേതൃത്വം നൽകിയ പ്രസ്ഥാനം കഥാവശേഷമാവുമെന്നും അതോടെ ഇസ്‌ലാമിക ഭരണഘടനക്ക് വേണ്ടിയുള്ള മുറവിളി കെട്ടടങ്ങുമെന്നും അമേരിക്കൻ പാവകളായ പാക് ഭരണാധികാരികൾ കണക്കുകൂട്ടി. പക്ഷേ, അതിശക്തമായ ജനകീയ പ്രക്ഷോഭത്തിന്റെ ഫലമായി മൗദൂദിയുടെ വധശിക്ഷ റദ്ദാക്കേണ്ടിവന്ന സിവിലിയൻ ഭരണകൂടത്തിന്റെ ബലഹീനത തിരുത്താനാണ് 1958-ൽ ജനറൽ അയ്യൂബ് ഖാൻ പട്ടാള അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുത്തത്. അയാളുടെ ഏകാധിപത്യത്തിനും പക്ഷേ ഇസ്‌ലാമികശക്തികളെ ഒതുക്കാനായില്ല. ജമാഅത്തെ ഇസ്‌ലാമിയുടെ ദ്രുതഗതിയിലുള്ള വളർച്ചയിൽ ആശങ്കാകുലനായ അയ്യൂബ് 1964-ൽ സംഘടനയെ നിരോധിച്ചുകൊണ്ടാണ് പകപോക്കലിന് മിനക്കെട്ടത്. പക്ഷേ, പാക് സുപ്രീം കോടതി നിരോധം റദ്ദാക്കിയതോടെ സൈനിക ഭരണകൂടം അങ്കലാപ്പിലായി. തുടർന്നങ്ങോട്ട് ജനാധിപത്യ പുനഃസ്ഥാപനത്തിനായി സർവ കക്ഷികളെയും കൂട്ടുപിടിച്ചായി ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ യത്നം. അതാകട്ടെ 1964-ൽ വിജയം കാണുകയും ചെയ്തു. സ്ഥാനത്യാഗം ചെയ്ത അയ്യൂബിന്റെ പിൻഗാമി ജനറൽ യഹ്‌യാ ഖാൻ 1970-ൽ പൊതുതെരഞ്ഞെടുപ്പിന് ഉത്തരവിട്ടതോടെ ജനാധിപത്യ

പുനഃസ്ഥാപനത്തിന് വഴിതെളിഞ്ഞു. എന്നാൽ സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു തെരഞ്ഞെടുപ്പ് ഇസ്‌ലാമികശക്തികളെ അധികാരത്തിലേറ്റുമെന്ന് ഭയന്ന വിദേശ ഉപജാപകർ ഒരേയവസരത്തിൽ കിഴക്കൻ പാകിസ്താനിൽ ശൈഖ് മുജീബുർറഹ്മാന്റെ ബംഗ്ലാ ദേശീയതാ വാദത്തിനും പശ്ചിമ പാകിസ്താനിൽ ഭുട്ടോയുടെ പഞ്ചാബ്-സിന്ധ് മേധാവിത്വ രാഷ്ട്രീയത്തിനും പിന്തുണയും പ്രോത്സാഹനവും നൽകി. രണ്ടിലാര് ജയിച്ചാലും പാകിസ്താനെ ഇസ്‌ലാം മുക്തമാക്കാം എന്നായിരുന്നു കണക്കുകൂട്ടൽ. പ്രാദേശികവാദങ്ങളുടെ ഭ്രാന്തമായ ഏറ്റുമുട്ടൽ തൽക്കാലത്തേക്ക് ഇസ്‌ലാമികശക്തികൾക്ക് തിരിച്ചടിയാവുകയും ചെയ്തു. 1971-ലെ ഇന്ത്യാ പാക് യുദ്ധത്തോടെ ബംഗ്ലാദേശിന്റെ പിറവിയും അവശിഷ്ട പാകിസ്താനിൽ ഭുട്ടോയുടെ അധികാരലബ്ധിയും ഈ തിരക്കഥയുടെ പരിസമാപ്തി ആയിരുന്നു. പക്ഷേ കീഴടങ്ങാൻ ഇസ്‌ലാമികസമൂഹം തയാറായിരുന്നില്ല. അവരുടെ ശക്തമായ സമ്മർദത്തിനൊടുവിൽ തീർത്തും മതേതരനും പാശ്ചാത്യ സംസ്കൃതിയുടെ ദാസനുമായിരുന്ന ഭുട്ടോക്ക് രാജ്യത്തെ ഒരു ഇസ്‌ലാമിക് റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്ന ഭരണഘടന ദേശീയ അസംബ്ലിയിൽ അവതരിപ്പിച്ചു പാസ്സാക്കേണ്ടിവന്നു. പാകിസ്താന്റെ ഇസ്‌ലാമികവത്കരണത്തിന്റെ എക്കാലത്തെയും ബദ്ധശത്രുക്കളായ ഖാദിയാനികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചത് ഈ ഭരണഘടനയിലാണ്. സുപ്രധാനമായ ഈ ഭരണഘടനാ വകുപ്പ് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ സന്തതിയായ അഹ്മദിയ്യാ പ്രസ്ഥാനത്തിനേൽപിച്ച ആഘാതത്തിൽനിന്ന് ഇന്നും അത് മോചിതമായിട്ടില്ല. സയ്യിദ് മൗദൂദിയെയും ജമാഅത്തെ ഇസ്‌ലാമിയെയും കാലാകാലങ്ങളിൽ ശപിച്ച് നിർവൃതിയടയുകയാണ് വ്യാജ പ്രവാചകന്റെ അനുയായികൾ.

അതേസമയം കടുത്ത ജനകീയ സമ്മർദങ്ങൾക്ക് വഴങ്ങി ഒരു ഇസ്‌ലാമിക ഭരണഘടന ചുട്ടെടുത്തതല്ലാതെ, പാശ്ചാത്യ സംസ്കാരത്തിന്റെ ഉൽപന്നവും നാടുവാഴി പാരമ്പര്യത്തിന്റെ കണ്ണിയുമായ ഭുട്ടോ രാജ്യത്ത് ഇസ്‌ലാമിക സാമൂഹികനീതി നടപ്പാക്കാനോ ധാർമികമൂല്യങ്ങൾക്ക് അർഹമായ പരിഗണന നൽകാൻ പോലുമോ ഒരു ശ്രമവും നടത്തുകയുണ്ടായില്ല. ജനകീയ പ്രക്ഷോഭത്തിൽ അടിതെറ്റിയ ഭുട്ടോയെ സ്ഥാനഭ്രഷ്ടനാക്കി 1977-ൽ അധികാരം പിടിച്ചെടുത്ത സൈനിക മേധാവി സിയാഉൽ ഹഖാണ് തുടക്കത്തിൽ ഇസ്‌ലാമിക ശരീഅത്ത് നടപ്പാക്കാൻ ചില നടപടികൾ സ്വീകരിച്ചത്. ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള ഇസ്‌ലാമിക കൂട്ടായ്മകളുടെ പിന്തുണയും ഇക്കാര്യത്തിൽ അദ്ദേഹത്തിന് ലഭിച്ചിരുന്നു. ഏറെത്താമസിയാതെ നാട്ടിലെ ജന്മി മുതലാളി-തീവ്ര മതേതര-പട്ടാള കൂട്ടുകെട്ടിന്റെ ഉപജാപങ്ങൾ സിയാഉൽ ഹഖിനെയും പിടിയിലൊതുക്കാൻ പാടുപെടുന്നതാണ് പിന്നീട് കണ്ടത്. വൈദേശികശക്തികളുടെ നിർലോഭമായ സഹായവും ഉപജാപക ലോബിക്ക് ലഭിച്ചിരുന്നു. ദുരൂഹ സാഹചര്യത്തിൽ സിയാഉൽ ഹഖ് വിമാനാപകടത്തിൽ കൊല്ലപ്പെട്ടതോടെ സംഭവിച്ച ഭരണമാറ്റങ്ങൾ ഭുട്ടോയുടെ പുത്രി ബേനസീറിനും പഞ്ചാബിലെ പ്രമാണി നവാസ് ശരീഫിനും അനുകൂലമായി ഭവിച്ചു. രണ്ടുപേരും പ്രത്യക്ഷത്തിൽ ബദ്ധവൈരികളായിരിക്കെ അമേരിക്കൻ അനുകൂല വിദേശനയത്തിലോ ആഭ്യന്തരരംഗത്ത് ഫ്യൂഡൽ ശക്തികളുടെ സ്വാധീനമുറപ്പിക്കുന്നതിലോ ഭിന്നത ഉണ്ടായില്ല. അഴിമതിയും അധാർമികതയും പഞ്ചാബി, സിന്ധി, പഠാൻ, ബലൂച്, മുഹാജിർ വംശീയതകളുടെ പോർവിളികളും മതവിഭാഗീയതകളും പട്ടാളത്തിന്റെ രാഷ്ട്രീയ ഇടപെടലുകളും പാകിസ്താനെ നിരന്തരം വേട്ടയാടി.

കാർഗിൽ യുദ്ധത്തെത്തുടർന്ന് പ്രധാനമന്ത്രി നവാസ് ശരീഫും പട്ടാള മേധാവി ജനറൽ പർവേസ് മുശർറഫും തമ്മിൽ മൂർഛിച്ച പിണക്കം ഒരിക്കൽകൂടി പാകിസ്താനെ മിലിട്ടറി ബൂട്ടുകളുടെ കീഴിലെത്തിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചത് സാമ്രാജ്യത്വ ഉപജാപമാണെന്ന് അനന്തര സംഭവങ്ങൾ തെളിയിക്കുന്നു. കമാൽ അത്താതുർക്കിന്റെ പാത പിന്തുടർന്ന് പാകിസ്താനെ സമ്പൂർണ മതേതരവത്കരിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് തുറന്നു പറഞ്ഞ പർവേസ് മുശർറഫ് റിപ്പബ്ലിക്കിന്റെ പ്രസിഡന്റ് പദവിയും പട്ടാള മേധാവിത്വവും ഒരേസമയം കൈവശം വെച്ചുപോരുന്നതുതന്നെ ബലം പ്രയോഗിച്ചും തന്റെ ഇംഗിതം നടപ്പാക്കാനാണ്. സ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പ് തന്റെ അധികാരത്തിന്റെ അന്ത്യംകുറിക്കുമെന്ന് നന്നായറിയാവുന്ന മുശർറഫ് ജനപിന്തുണയുള്ള രാഷ്ട്രീയ നേതാക്കളായ ബേനസീർ ഭുട്ടോയെയും നവാസ് ശരീഫിനെയും നാടുകടത്തിയ ശേഷം നടത്തിയ ഇലക്ഷന്റെ പോലും ഫലങ്ങൾ അദ്ദേഹത്തെ വിയർപ്പിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ യഥാർഥ പ്രതിയോഗികളായ മുത്തഹിദ മജ്‌ലിസെ അമൽ (എം.എം.എ) ഏറ്റവും വലിയ പ്രതിപക്ഷകക്ഷിയായി ഉയർന്നതാണ് തലവേദനയായത്. ബ്രാക്കറ്റിൽ ക്യൂ (ഖാഇദെ അഅ്സം) ചേർത്ത് പാകിസ്താൻ മുസ്‌ലിം ലീഗിനെ പിളർത്തിയും അൽത്താഫ് ഹുസൈന്റെ എം.ക്യു.എമ്മിനെ കൂടെ ചേർത്തും മുശർറഫ് കൃത്രിമ ഭൂരിപക്ഷം ഉറപ്പാക്കി പാവസർക്കാറിനെക്കൊണ്ട് ഭരിപ്പിക്കുന്നുണ്ടെങ്കിലും കടുത്ത വെല്ലുവിളികളാണ് അദ്ദേഹം നേരിടുന്നത്. അഫ്ഗാനിസ്താനിലെ താലിബാൻവിരുദ്ധ ഓപ്പറേഷന് അമേരിക്കക്ക് നൽകുന്ന പൂർണ പിന്തുണയും പാകിസ്താനിലെത്തന്നെ ബലൂചിസ്താൻ-അതിർത്തി സംസ്ഥാന മേഖലകളിൽ തീവ്രവാദികൾക്കെതിരെ എന്ന പേരിൽ തുടരുന്ന ചോരക്കളിയും മതവിരുദ്ധർക്ക് നൽകുന്ന പരസ്യമായ പ്രോത്സാഹനവും വേണ്ടത്ര ശത്രുക്കളെ മുശർറഫിന് സമ്പാദിച്ചുകൊടുത്തിട്ടുണ്ട്. കൂനിന്മേൽ കുരുവായാണ് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഇഫ്തിഖാർ ചൗധരിയെ, തനിക്ക് അനുകൂലമായി നിൽക്കുകയില്ലെന്ന ഭയം മൂലം പുറത്താക്കുകവഴി സിവിൽ സൊസൈറ്റിയുടെ കടുത്ത പ്രതിഷേധം ക്ഷണിച്ചുവരുത്തിയത്. പ്രതിപക്ഷ സഹകരണത്തോടെ മുശർറഫിനെതിരായ പ്രക്ഷോഭം അഭിഭാഷകരും മനുഷ്യാവകാശ പ്രസ്ഥാനങ്ങളും ആളിപ്പടർത്തിക്കൊണ്ടിരിക്കെ ജനശ്രദ്ധ തിരിച്ചുവിടാൻ പ്രസിഡന്റിന് ഒരു കച്ചിത്തുരുമ്പ് ആവശ്യമായിരുന്നു. ഒപ്പംതന്നെ, അമേരിക്ക 'ഭീകരവേട്ട'ക്ക് അനുവദിച്ച 100 കോടി ഡോളറിന്റെ വിനിയോഗക്കണക്ക് ബോധിപ്പിക്കേണ്ടതും ആവശ്യമായിരുന്നു. എല്ലാറ്റിനും പുറമെ, രാജ്യത്തെ മതപണ്ഡിത കൂട്ടായ്മകളെ തുരത്തിക്കൊണ്ടേ കമാലിസ്റ്റ് മാതൃകയിലെ മതേതരവത്കരണം സാധ്യമാവൂ എന്നും മുശർറഫ് കണക്കുകൂട്ടുന്നു. ബഹുമുഖ ലക്ഷ്യങ്ങളോടെ അദ്ദേഹം ആവിഷ്കരിച്ച തന്ത്രമാണ് ലാൽ മസ്ജിദിലെ കൂട്ടക്കൊല.

അല്ലെങ്കിൽ, പാർലമെന്റ് മന്ദിരം തകർക്കാനുള്ള ഗൂഢാലോചന ആരോപിച്ച് മുശർറഫ് സർക്കാർ നേരത്തേ പിടികൂടാനിരുന്ന പ്രതിയാണ് ഇപ്പോൾ വധിക്കപ്പെട്ട അബ്ദുർറശീദ് ഗാസി. വെടിയുണ്ട നിറച്ച അദ്ദേഹത്തിന്റെ വാഹനം പോലീസ് പിടികൂടിയതായി ഔദ്യോഗിക ഏജൻസികൾ വെളിപ്പെടുത്തിയിരുന്നതാണ്. പെട്ടെന്നുള്ള കരണംമറിച്ചിലിൽ പാർലമെന്റ് ആക്രമണ ഗൂഢാലോചനയിൽ അബ്ദുർറശീദ് ഗാസിക്ക് പങ്കില്ലെന്ന് മതകാര്യമന്ത്രിയും മുൻ പ്രസിഡന്റ് സിയാഉൽ ഹഖിന്റെ മകനുമായ മുഹമ്മദ് ഇഅ്ജാസുൽ ഹഖ് പ്രഖ്യാപിക്കുകയായിരുന്നു! തലസ്ഥാനനഗരിയിലെ ഏറ്റവും വലിയ രണ്ടാമത്തെ പള്ളിയിലെ ഖത്വീബായി ദയൂബന്ദി പണ്ഡിതനായ മൗലാനാ മുഹമ്മദ് അബ്ദുല്ല സ്ഥാനമേറ്റത് സർക്കാറിന്റെ പൂർണ സമ്മതത്തോടെയും അറിവോടെയുമായിരുന്നു.

ജീവിച്ചിരുന്ന കാലമത്രയും സർക്കാറുമായി നല്ലബന്ധം അദ്ദേഹം പുലർത്തുകയും ചെയ്തു. 1998-ൽ അദ്ദേഹം വധിക്കപ്പെട്ടതിനെത്തുടർന്ന് പിൻഗാമികളായി വന്ന മക്കൾ അബ്ദുൽ അസീസും അബ്ദുർറശീദും ആ ബന്ധം സുദൃഢമാക്കാനേ ശ്രമിച്ചിരുന്നുള്ളൂ. ഇപ്പോൾ തീവ്രവാദിനികളുടെ ലോകകേന്ദ്രമായി മുശർറഫ് അനുകൂല മീഡിയ ചിത്രീകരിക്കുന്ന ജാമിഅ ഹഫ്സ എന്ന വനിതാ വിദ്യാസ്ഥാപനം, പാകിസ്താൻ വിദേശകാര്യമന്ത്രാലയവും പി.ടി.വി സ്റ്റേഷനും റേഡിയോ പാകിസ്താൻ നിലയവും സ്ഥിതിചെയ്യുന്ന മർമപ്രധാനമായ കേന്ദ്രത്തിന്റെ മൂക്കിനു കീഴിലാണെന്നറിയുമ്പോഴാണ് ലാൽ മസ്ജിദ്-സർക്കാർ ബാന്ധവത്തിന്റെ ആഴം പിടികിട്ടുക. 2001-ൽ അഫ്ഗാനിസ്താന്റെ നേരെ അമേരിക്ക ആക്രമണം അഴിച്ചുവിട്ടപ്പോൾ അതിനെതിരെ താലിബാൻ സർക്കാറിന് അനുകൂലമായി പ്രകടനവും പ്രക്ഷോഭങ്ങളും നയിച്ചവരുടെ മുൻപന്തിയിലായിരുന്നു ഇപ്പോൾ കൊടുംഭീകര മുദ്ര പതിച്ചുനൽകി കഥകഴിച്ച അബ്ദുർറശീദ് ഗാസി. എന്നിട്ടും ലാൽ മസ്ജിദ് സമുച്ചയത്തിൽ ആയുധങ്ങൾ സംഭരിക്കുന്നതോ വിദേശ പോരാളികളെ താമസിപ്പിക്കുന്നതോ ഐ.എസ്.ഐക്കോ പാക് സർക്കാറിനോ യഥാസമയം അറിയാൻ സാധിച്ചില്ലെന്നു പറഞ്ഞാൽ ആര് വിശ്വസിക്കും? യഥാർഥത്തിൽ മുശർറഫ് സർക്കാർ ലാൽ മസ്ജിദ് ഉലമാക്കളുമായി പിണങ്ങുന്നത് 2005-ൽ പാക് സൈന്യം വസീറിസ്താനിൽ ആക്രമണം ആരംഭിച്ചതോടു കൂടിയാണ്. സ്വന്തം രാജ്യത്തെ മുസ്‌ലിംകൾക്കെതിരെ യുദ്ധം ചെയ്യാൻ ഒരു മുസ്‌ലിം ഭരണകൂടത്തിന് അനുവാദമില്ലെന്ന് അബ്ദുൽ അസീസും അബ്ദുർറശീദും ഫത്‌വ ഇറക്കി. ഇത്തരമൊരു യുദ്ധത്തിൽ കൊല്ലപ്പെടുന്ന സൈനികന്റെ മരണം അവിശുദ്ധമാണെന്നും അയാളുടെ മയ്യിത്ത് നമസ്കരിക്കാൻ പാടില്ലെന്നും ഫത്‌വയിൽ അഭിപ്രായപ്പെട്ടിരുന്നു. അന്നേരമാണ് ലാൽ മസ്ജിദിലെ പണ്ഡിതന്മാർ പരിധി കടന്നതായി മുശർറഫിന് തോന്നുന്നതും സമുച്ചയം തകർക്കണമെന്ന് അദ്ദേഹം തീരുമാനിക്കുന്നതും. 2007 ജനുവരി 20-ന് ഇസ്‌ലാമാബാദ് നഗരവികസന അതോറിറ്റി, പ്രസിഡന്റിന്റെ പരോക്ഷ പ്രേരണയിൽ ലാൽ മസ്ജിദുമായി ബന്ധപ്പെട്ട രണ്ട് പള്ളികൾ കൈയേറിയ ഭൂമിയിലാണെന്നാരോപിച്ച് പൊളിച്ചതോടെയാണ് പ്രത്യക്ഷ ഏറ്റുമുട്ടൽ ആരംഭിക്കുന്നത്. ഇത് തുടക്കം മാത്രമാണെന്നും മദ്റസകളാണ് യഥാർഥ ഉന്നമെന്നും ബോധ്യപ്പെട്ട ഗാസി സഹോദരന്മാർ തിരിച്ചടിക്ക് ഒരുക്കം കൂട്ടി. അതാണുതാനും ഒടുവിലത്തെ ഓപ്പറേഷനിൽ കലാശിച്ചത്. രക്തരൂഷിതമായ ഒരു സൈനിക നടപടി ഒഴിവാക്കാൻ ഭരണകക്ഷിയായ മുസ്‌ലിം ലീഗ് (ക്യു) അധ്യക്ഷനും മുൻ പ്രധാനമന്ത്രിയുമായ ചൗധരി ശുജാഅത്ത് ഹുസൈന്റെ നേതൃത്വത്തിൽ 13 അംഗ ദൗത്യസംഘം ഗാസിയുമായി നടത്തിയ ചർച്ചകളിൽ ധാരണയായിരുന്നതാണ്. അപ്രതീക്ഷിതമായി ധാരണ അട്ടിമറിച്ച മുശർറഫ് പട്ടാളത്തെ പള്ളി സമുച്ചയത്തിൽ കടത്തിവിട്ട് സ്ത്രീകളും കുട്ടികളുമടക്കം നൂറുകണക്കിൽ നിരപരാധികളെ കശാപ്പ് ചെയ്യുന്നതാണ് ഒടുവിൽ ലോകം കണ്ടത്. ഇതോടെ ജോർജ് ഡബ്ലിയു. ബുഷ് എന്ന ആഗോള ഭീകരന്റെ കണ്ണിൽ മുശർറഫ് പൂർവാധികം തിളങ്ങുന്ന നല്ല പിള്ളയായി. ഇന്ത്യയുൾപ്പെടെ ലോകത്തെങ്ങുമുള്ള മതേതര മൗലികവാദികളുടെ കൈയടിയും മുശർറഫ് നേടി. പാകിസ്താനിൽ അമേരിക്കക്ക് അഹിതകരമായ മതവിദ്യാലയങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടി തകർക്കാനും പള്ളികളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരാനും ഇതോടെ കളമൊരുങ്ങി. അങ്ങനെ കമാലിസ്റ്റ് തുർക്കിയുടെ മാതൃകയിൽ ഒരു പൂർണ തീവ്ര മതേതര പാകിസ്താൻ എന്ന തന്റെ സ്വപ്നം സാക്ഷാത്കരിക്കാനാണ് മുശർറഫിന്റെ പുറപ്പാട്. ഇക്കാര്യത്തിൽ ബേനസീർ ഭുട്ടോയുടെ പൂർണ പിന്തുണയും അദ്ദേഹത്തിനുണ്ട്. മുശർറഫ് പ്രസിഡന്റും ബേനസീർ പ്രധാനമന്ത്രിയും ആയിക്കൊണ്ടുള്ള ഒരു ഭാവി സംവിധാനത്തിന് അണിയറ നീക്കങ്ങൾ പുരോഗമിക്കുന്നതു കൂടി ഇതോട് ചേർത്തുവായിക്കണം. പക്ഷേ, ആഗ്രഹങ്ങൾ എപ്പോഴും കുതിരകളാവുന്നില്ല. സമ്പൂർണ തീവ്ര കമാലിസ്റ്റ് ഭരണഘടന യൂറോപ്യൻ യൂനിയന്റെ പൂർണ പിന്തുണയോടെ നടപ്പാക്കാൻ ശ്രമിക്കുന്ന തുർക്കി പട്ടാളത്തെ ഇസ്‌ലാമിനോട് സ്നേഹവും ആഭിമുഖ്യവുമുള്ള ജനത ചെറുത്തുതോൽപിക്കുന്നത് മുശർറഫ് കാണാതിരിക്കാൻ വഴിയില്ല. എം.എം.എയുടെ ബാനറിൽ ഒത്തുചേർന്ന ഇസ്‌ലാമിക പ്രസ്ഥാനവും മത-രാഷ്ട്രീയ സംഘടനകളും ഭിന്നതകളെല്ലാം മറന്ന് പാകിസ്താന്റെ ഇസ്‌ലാമികവത്കരണത്തിനു വേണ്ടിയും സാമ്രാജ്യത്വ ദാസ്യത്തിനെതിരെയും തുടരുന്ന ശക്തമായ പോരാട്ടവും ചെറുതായി കാണാൻ അദ്ദേഹത്തിനാവില്ല. ഒടുവിൽ മുൻ പ്രധാനമന്ത്രി നവാസ് ശരീഫ് ലണ്ടനിൽ വിളിച്ചുചേർത്ത സർവകക്ഷി സമ്മേളനത്തിന്റെ തീരുമാനങ്ങളും അഭിനവ കമാലിസ്റ്റ് മുഖവിലക്കെടുത്തേ മതിയാവൂ. ■